


# ടച്ച് മീ

TOUCH ME

ഡിസംബർ 2025


21-ാം
ചരമവാർഷികം
09 - 12 - 2025
ഡോ. സി.എൽ. ജോസ്
ചുങ്കത്ത് ഹൗസ്
കുന്നംകുളം
സ്നേഹസ്മരണകളോടെ...
സന്തപ്ത കുടുംബാംഗങ്ങൾ





# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 18 | 2025 ഡിസംബർ | ലക്കം : 4



സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫെറോന - തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in



## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ & ഇടവക പി.ആർ.ഒ.
**വി.സി. ജോസി**
98470 17297
E-mail : vcjosy@gmail.com

സബ് എഡിറ്റർ
**സിസ്റ്റർ അൻസ ജോസ് CMC**
80869 50771

സെക്രട്ടറി
**എം.എൽ. സുനിൽ**
98464 34411

ട്രഷറർ
**എം.കെ. ദേവസ്സി**
94953 28758

മാനേജിംഗ് എഡിറ്റർ
**ജോൺസൺ പാവു**
94476 54230

അഡ്വർടൈസിംഗ് മാനേജർ
**സിജോ ജോസഫ്**
79074 38671

ലിറ്റർജി ഇൻചാർജ്ജ് : **ജാക്വിലിൻ വിനു** -7034551605
മിഴിവിളക്ക് ഇൻചാർജ്ജ് : **അനീന മരിയ ഷാജി** -6235960700
വഴിവിളക്ക് ഇൻചാർജ്ജ് : **റിജി പ്രിൻസ്** -7902232331
നാളാകമം ഇൻചാർജ്ജ്: **സാന്ദ്ര വി.എം.** -6282284467
വാർത്തകൾ ഇൻചാർജ്ജ് : **സാനിയ വി.എം.** -6282284467

കൈക്കാരന്മാർ
കെ.എൽ. ലോയ്ഡ് 89212 45453
വർഗ്ഗീസ് ആന്റണി 75599 69881
ജോഫി ജോസഫ് 98471 22268


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഇടവക വാർത്തകൾ | 4 |
| വിശ്വാസപരിശീലനം | 9 |
| വഴിവിളക്ക് | 10 |
| സഭാവാർത്തകൾ | 11 |
| പരി. അമലോൽഭവ മാതാവ് | 13 |
| സെന്റ് സേവ്യർ വാർഷികം | 15 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| സംഘടനാ വാർത്തകൾ | 17 |
| ഇടവക ആൽബം | 19 |
| പരിസ്ഥിതി സംരക്ഷണം | 23 |
| ജൂനിയർ സി.എൽ.സി. | 25 |
| മിഴിവിളക്ക് | 26 |
| ബൈബിളിലൂടെ | 27 |
| നിറംകൊടുക്കാമോ | 29 |
| പാചക കോർണർ | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

രക്ഷകനായ യേശു ജനിച്ചതിന്റെ ഓർമ്മയാണ് ക്രിസ്തുമസ് . ദൈവം മനുഷ്യനായതിന്റെ ആഘോഷമാണ് അത്. ദൈവം മനുഷ്യനോട് സംസാരിച്ച സ്നേഹത്തിന്റെ ഭാഷയാണത്. തന്റെ ഏകജാതനെ നൽകാൻ തക്കവണ്ണം ദൈവം ഈ ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 1 : 16) ഇത് എല്ലാവർക്കും മനസ്സിലാകുന്ന ഹൃദയഭാഷയാണ് . ആംഗലേയ നോവലിസ്റ്റ് ചാൾസ് ഡിക്കൻസ് ഒരിക്കൽ പറഞ്ഞു. ഞാൻ ക്രിസ്തുമസ് എന്റെ ഹൃദയത്തിൽ ആഘോഷിക്കും . നമ്മൾ ക്രിസ്തുമസ്സിന് പുൽക്കൂടും നക്ഷത്രവും സാന്താക്ലോസും ഒക്കെ ആഘോഷത്തിന്റെ ഭാഗമാക്കുകയും ഈ ആഘോഷത്തിന്റെ സന്ദേശമായ യേശു ഹൃദയത്തിൽ ജനിക്കുകയും ചെയ്തില്ലെങ്കിൽ ക്രിസ്തുവില്ലാത്ത ആഘോഷമായി അത് മാറും. ഇതാ സർവ ജനത്തിനും വേണ്ടിയുള്ള ഒരു സന്തോഷത്തിന്റെ സദ്'വാർത്ത നിങ്ങളെ അറിയിക്കുന്നു. നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു. (ലൂക്ക 2: 10 - 12) ക്രിസ്തുമസ് സന്തോഷത്തിന്റെ തിരുനാളാണ്. രക്ഷകൻ പിറന്നതിന്റെ സന്തോഷം. ആഹ്ലാദം .

ഇന്ന് ക്രിസ്തുമസ് മൂന്ന് രീതിയിൽ ആഘോഷിക്കുന്നു. ഒന്ന്: ഒരു സെക്കുലർ ക്രിസ്തുമസ് ആഘോഷം. തിന്നു കുടിച്ച് ആർത്തുല്ലസിക്കുന്ന ക്രിസ്തുമസ്. ഇത് തീറ്റ സംസ്കാരത്തിന്റെ സദ്വാർത്തയാണ്. അവിടെ രക്ഷകന് പ്രസക്തിയില്ല. രണ്ട് : ബിസിനസ് ക്രിസ്തുമസ്. ബിസിനസ് ക്രിസ്തുമസ് സാധനങ്ങളുടെ വിറ്റു വരവിനെയും ലാഭനഷ്ടങ്ങളെയും കേന്ദ്രീകരിച്ചുള്ള ആഘോഷമാണ്. ക്രിസ്തുമസ് കാലത്ത് എത്രമാത്രം വിറ്റു വരവ് നേടാൻ പറ്റും എന്നതിന്റെ കണക്കെടുപ്പ്. മൂന്നാമത്തേത് : ഒരു മിഷനറി ക്രിസ്തുമസ് ആണ്. അത് ഹൃദയത്തിലെ ക്രിസ്തുമസ് ആണ്. ഹൃദയത്തിൽ ആഘോഷിക്കപ്പെടുന്ന ക്രിസ്തുമസിന് നമുക്ക് സ്നേഹം പകരാൻ പറ്റും. കരുണ കാണിക്കാൻ പറ്റും. സമാധാനം പങ്കുവയ്ക്കാൻ പറ്റും. ഈ വിശാലതയുടെ മിഷൻ ഏറ്റെടുക്കുന്ന ക്രിസ്തുമസ് ആണ് ഹൃദയത്തിലെ ക്രിസ്തുമസ്. നമ്മുടെ ക്രിസ്തുമസ് ആഘോഷം ഇതാകണം.

ക്രിസ്തുമസ് നമുക്ക് നൽകുന്ന മറ്റൊരു സന്ദേശം പ്രതീക്ഷയുടെയും പ്രത്യാശയുടെയും സന്ദേശമാണ്. ഈ ക്രിസ്തുമസോടുകൂടി 2025 കടന്നുപോവുകയും 2026 നെ നാം സ്വാഗതം ചെയ്യുകയുമാണ്. ജീവിതം ഒരു യാത്രയാണ് .ഒരിക്കൽ ആരംഭിച്ച് അവസാനിക്കുന്ന യാത്ര. 2025 ന് നന്ദി. 2026 ന് സ്വാഗതം എന്ന് പറയുമ്പോൾ 2025ൽ ലഭിച്ച നിരവധിയായ നന്മകൾക്ക് നന്ദി പറയണം. നമുക്ക് ലഭിച്ച അനുഗ്രഹങ്ങൾ, അവസരങ്ങൾ, അനുഭവങ്ങൾ, ആരോഗ്യം, സന്തോഷം, ദുഃഖം, നേട്ടങ്ങൾ, സൗകര്യങ്ങൾ, അറിവ്, ആനന്ദം ,ജോലി, കടന്നുപോയ അപകടങ്ങൾ, ദൈവം നമ്മെ ഉള്ളം കയ്യിൽ എടുത്ത അവസരങ്ങൾ ...ദൈവമേ... നന്ദി. സ്നേഹമുള്ളവരേ... ഓരോ നല്ല പ്രവൃത്തിയും ദൈവത്തിലേക്കുള്ള കാൽവയ്പ്പാണ് യേശുവിന്റെ പുൽക്കൂടിലേക്കുള്ള ദൂരം ആണ്. യഥാർത്ഥ സന്തോഷത്തിന്റെയും സൗഭാഗ്യത്തിന്റെയും ദൂരം. യേശുവിന്റെ പുൽക്കൂട്ടിൽ നാം സമ്പാദിച്ചവയും ഇനിയും സമ്പാദിക്കാൻ പോകുന്നവയും സമർപ്പിച്ചാൽ 2026 നമുക്ക് അനുഗ്രഹ വർഷമായി ത്തീരും. നമ്മൾ ക്രിസ്തുവിനെ ലോകത്തിന് ചൂണ്ടി കാണിക്കുന്ന നക്ഷത്രങ്ങൾ ആകണം. സാന്താക്ലോസിനെപോലെ വിശക്കുന്നവർക്കും അഗതികൾക്കും എല്ലാം നഷ്ടപ്പെട്ടവർക്കും സഹായം എത്തിക്കുന്നവരാകണം. അങ്ങനെ ഹൃദയത്തിൽ ക്രിസ്തുമസ് ആഘോഷിച്ചുകൊണ്ട് പുതുവർഷത്തെ സ്വാഗതം ചെയ്യാം. എവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ!

ടച്ച് മീ
എഡിറ്റോറിയൽ ബോർഡ്



# ഇടയമൊഴി

## നല്ല ഇടയനായി തന്നെത്തന്നെ ബലിയർപ്പിക്കുന്നവനായ ഈശോ

നല്ല ഇടയനായ ഈശോ വാടിത്തളർന്ന കുഞ്ഞാടിനെ തോളിലേറ്റി മറ്റു ആടുകളെ മേയ്ച്ചുകൊണ്ട് നടന്നുനീങ്ങുന്ന ചിത്ര മാണ് നല്ല ഇടയന്റേത്. ഓരോ വ്യക്തിയേയും അറിഞ്ഞ്, ബലഹീന രായവരുടെ കൂടെ നടന്ന് ശക്തിപ്പെടുത്തി, വീണുപോയവർക്ക് സഹായ ഹസ്തം നീട്ടി നമുക്ക് നല്ല ഇടയനെ പിന്തുടരാം. ഈശോ തന്നെത്തന്നെ അർപ്പിച്ചുകൊണ്ട് എന്നേക്കുമായി ഒരിക്കൽ ബലി യർപ്പിച്ചു. (ഹെബ്രാ. 7:27) സ്വയം മുറിക്കപ്പെട്ട്, പങ്കുവെച്ച് മറ്റുള്ള വർക്ക് ജീവനായിത്തീർന്ന, യഥാർത്ഥ ബലിയർപ്പകനായ ഈശോയെ നമുക്ക് പിന്തുടരാം.

### ആത്മാവിൽ ജ്വലിക്കുവാൻ

20. എളിമയുടെ ശുശ്രൂഷകനാവുക.
21. സമ്പത്തിന്റെ ധാരാളിത്തം ഒഴിവാക്കി അർഹിക്കുന്നവരെ സഹായിക്കുക.
22. വിനയത്തോടും ആദരവോടും കൂടെ മറ്റുള്ളവരോട് ഇട പെടുക.
23. എല്ലാറ്റിലും ദൈവഹിതം ദർശിക്കുക, നന്മചെയ്യുക, നന്മ പ്രോത്സാഹിപ്പിക്കുക, സത്യത്തിന്റെ പക്ഷത്ത് നിലകൊ ള്ളുക.

*ആത്മാവിൽ ജ്വലിക്കുന്നവരാകാൻ ദൈവം അനുഗ്രഹിക്കട്ടെ...*

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം

# ഇടവക വാർത്തകൾ

## ഡിസംബർ 1 തിങ്കൾ : സ്നേഹോത്സവം 2025 ആരംഭം, വചന തൊട്ടിൽ 2025 സുകൃതമരം 2025, ഉണ്ണീശോയ്ക്കൊരു കത്ത് 2025, ക്രിസ്തുമസ് ഡയറി 2025 ഉണ്ണിശോയ്ക്കൊരു ഉമ്മ 2025, ഉണ്ണീശോയുടെ വിശുദ്ധർ 2025 & സ്റ്റാർ ട്രീ 2025

| | |
|---|---|
| 5.30 am | : ഉണ്ണീശോയുടെ വിശുദ്ധർ - ഡിജിറ്റൽ പോസ്റ്റർ (നേതൃത്വം : അൽത്താരസംഘം) |
| 05.45 am | : ഉണ്ണീശോയ്ക്കൊരു ഉമ്മ 2025 & ക്രിസ്തുമസ് ഡയറി 2025 (നേതൃത്വം : ജൂനിയർ യൂത്ത് സി.എൽ.സി. & തിരുബാലസഖ്യം) |
| 06.00 am | : ഉണ്ണീശോയ്ക്ക് സമ്മാനം & മധുരം (നേതൃത്വം : ജൂനിയർ, യൂത്ത് സി.എൽ.സി. & തിരുബാലസഖ്യം) |
| 06.15 am | : വചനതൊട്ടിൽ 2025 (നേതൃത്വം : അൽത്താരസംഘം) |
| 06.20 am | : സുകൃതമരം 2025 (നേതൃത്വം : തിരുബാലസഖ്യം) |
| 06.25 am | : സ്റ്റാർ ട്രീ 2025 (നേതൃത്വം : യൂത്ത് സി.എൽ.സി.) |
| 06.30 am | : വി. കുർബാന |
| 07.15 am | : സ്നേഹോത്സവം 2025 ആരംഭം - പുൽക്കൂടോടുകൂടിയ ഉണ്ണീശോയുടെ തിരുസ്വരൂപം കുടുംബകൂട്ടായ്മകളിലേക്ക് നൽകുന്നു. |
| 06.00 pm | : ഉണ്ണിക്കൊന്ത - പിറവിത്തിരുനാളിനൊരുക്കമായുള്ള ജപം (നേതൃത്വം : മാതൃവേദി) |
| 06.20 pm | : ബൈബിൾ മാസാചരണ ബൈബിൾ വായന (നേതൃത്വം : വിശ്വാസപരിശീലന സ്റ്റുഡൻസ് കൗൺസിൽ) |
| 06.30 pm | : വി.കുർബാന |

(**NB** : ഡിസംബർ 1 മുതൽ 23 ഉൾപ്പെടെയുള്ള ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ 6.30ന്റെ വി. കുർബാനക്ക് പുറമെ വൈകീട്ട് 6ന് ഉണ്ണികൊന്തയും പിറവിത്തിരുനാളിന് ഒരുക്കമായ ജപവും ബൈബിൾ വായനയും തുടർന്ന് 6.30ന് വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്. ഡിസംബർ 7, 14, 21, ഞായറാഴ്ചകളിൽ പതിവുള്ള വി. കുർബാനകൾക്ക് പുറമേ വൈകീട്ട് 5.30ന് വി. കുർബാന ഉണ്ടായിരിക്കും.

## ഡിസംബർ 2 ചൊവ്വ : കപ്പേളയിൽ ലദീഞ്ഞ് & നൊവേന

| | |
|---|---|
| 05.30 pm | : സെന്റ് ആന്റണീസ് കപ്പേളയിൽ ലദീഞ്ഞ് & നൊവേന |

## ഡിസംബർ 5 വെള്ളി : അഞ്ചാം വെള്ളിയാചരണം & മാസാദ്യവെള്ളി

| | |
|---|---|
| 06.00 am | : ആരാധന, കുമ്പസാരം & കരുണകൊന്ത & തിരുഹൃദയ പ്രതിഷ്ഠ |
| 06.30 am | : വി. കുർബാന, വി. സെബസ്ത്യാനോസിന്റെ ലദീഞ്ഞ്, നൊവേന & നേർച്ച വിതരണം. |

| ഡിസംബർ 6 ശനി : കപ്പേളയിൽ ലദീഞ്ഞ് & നൊവേന | |
|---|---|
| 05.30 pm | : സെന്റ് മേരീസ് കപ്പേളയിൽ ലദീഞ്ഞ് & നൊവേന എയ്ഡഡ് ദിനം |

| ഡിസംബർ 7 ഞായർ : എയ്ഡഡ് ദിനം & വിശ്വാസ പരിശീലനദിനം 2025<br>സംഘടനകളുടെ സംയുക്ത വാർഷികം & സെയിന്റ്സ് ക്വിസ് 2025 | |
|---|---|
| 07.30 am | : എയ്ഡഡ് ദിനാചരണം<br>(നേതൃത്വം : സ്റ്റുഡൻസ് കൗൺസിൽ) |
| 09.00 am | : വിശ്വാസപരിശീലന പതാക വന്ദനം (നേതൃത്വം : പി.ടി.എ.) |
| 09.15 am | : വിശ്വാസ പരിശീലന കാരുണ്യ സർപ്പണം, വിശ്വാസ പരിശീലന ദിന കൃതജ്ഞത ബലി<br>(നേതൃത്വം : പി.ടി.എ. & സ്റ്റുഡന്റ്സ് കൗൺസിൽ) |
| 10.30 am | : സെയ്ന്റ്സ് ക്വിസ് 2025 (നേതൃത്വം : ജൂനിയർ സി.എൽ.സി) |
| 06.00 pm | : വിശ്വാസ പരിശീലനദിന വാർഷിക പൊതുയോഗം & ഭക്ത സംഘടനകളുടെ സംയുക്ത വാർഷികം<br>(നേതൃത്വം : പി.ടി.എ. & ഭക്ത സംഘടന ഏകോപന സമിതി) |

| ഡിസംബർ 8 തിങ്കൾ : അമലോത്ഭവ തിരുനാൾ | |
|---|---|
| 06.15 am | : പരി. അമലോത്ഭവ മാതാവിന്റെ ലദീഞ്ഞ്, നൊവേന, കാഴ്ചസമർപ്പണം & പുഷ്പാർച്ചന (നേതൃത്വം : ജൂനിയർ സി.എൽ.സി.) |
| 06.30 am | : അമ്മ മനോഹരി സമർപ്പണം, തിരുനാൾ കുർബാന, തിരുനാൾ കാരുണ്യ സമർപ്പണം & നേർച്ച വിതരണം.<br>(നേതൃത്വം : ജൂനിയർ സി.എൽ.സി.) |
| 07.30 am | : ജൂബിലി സമർപ്പണം<br>(നേതൃത്വം : അൾത്താരസംഘം & ജൂനിയൽ സി.എൽ.സി.) |

| ഡിസംബർ 12 വെള്ളി : ആറാം വെള്ളിയാചരണം | |
|---|---|
| 06.00 am | : ആരാധന, കുമ്പസാരം & കരുണകൊന്ത |
| 06.30 am | : വി. കുർബാന, വി. സെബസ്ത്യാനോസിന്റെ ലദ്ദീഞ്ഞ്, നൊവേന, നേർച്ച വിതരണം. |

| ഡിസംബർ 14 ഞായർ : ജൂനിയർ സി.എൽ.സി. ദിനം & ബൈബിൾ ജ്യോതി പ്രയാണം | |
|---|---|
| 10.30 am | : ജൂനിയർ സി.എൽ.സി. ദിന വാർഷിക പൊതുയോഗം, സമ്മാനദാനം കുടുംബസംഗമം, ആദരണീയം, കലാവിരുന്ന് & സ്നേഹവിരുന്ന്. (നേതൃത്വം : ജൂനിയർ സി.എൽ.സി.) |
| 03.00 pm | : ബൈബിൾ ജ്യോതി പ്രയാണം കുടുംബകൂട്ടായ്മകളിലേക്ക്<br>(നേതൃത്വം : അൾത്താരസംഘം & സ്റ്റുഡന്റ്സ് കൗൺസിൽ) |

**ഡിസംബർ 19, 20, 21 (വെള്ളി, ശനി, ഞായർ) സ്നേഹോത്സവ ധ്യാനം 2025**

05.00 pm : ഉണ്ണികൊന്ത & പിറവിതിരുനാളിന് ഒരുക്കമായ ജപം
05.50 pm : ബൈബിൾ വായന
06.00 pm : വി. കുർബാന & സ്നേഹോത്സവ ധ്യാന ആരംഭം
09.00 pm : സ്നേഹോത്സവ ധ്യാന സമാപനം

**ഡിസംബർ 19 വെള്ളി : ഏഴാം വെള്ളിയാചരണം**

06.00 am : ആരാധന, കുമ്പസാരം & കരുണക്കൊന്ത
06.30 am : വി. കുർബാന, വി. നൊയമ്പിന്റെ ലദീഞ്ഞ് & നൊവേന

**ഡിസംബർ 21 ഞായർ : കുമ്പസാരദിനം**

07.30 am : ചെറിയ നോമ്പുകാല ബോധവൽക്കരണ ലഘുലേഖ വിതരണം (നേതൃത്വം : കെ.എൽ.എം)
10.30 am-11.30am : കുമ്പസാരം (കുട്ടികൾക്ക്...)
5.00 pm- 6.00 am : കുമ്പസാരം (മുതിർന്നവർക്ക്...)

(**NB** : കിടപ്പുരോഗികൾക്ക് കുമ്പസാരം വി. കുർബാന സ്വീകരണം ഡിസംബർ 22 തിങ്കൾ രാവിലെ 8 മുതൽ 9 വരെ)

**ഡിസംബർ 22 തിങ്കൾ : ക്രിസ്തുമസ് കരോൾ ദിനം**

7 pm to 10 pm : ക്രിസ്തുമസ് കരോൾ (നേതൃത്വം : അൾത്താര സംഘം)

**ഡിസംബർ 23 ചൊവ്വ : ക്രിസ്തുമസ് ഫെസ്റ്റ് ദിനം**

05.00 pm : ക്രിസ്തുമസ് കാർഡ് മത്സരം
06.00 pm : ക്രിസ്തുമസ് നക്ഷത്രം & ട്രീ മത്സരം
07.00 pm : ക്രിസ്തുമസ് കരോൾ ഗാനാലാപന മത്സരം
08.00 pm : ക്രിസ്തുമസ് ടാബ്ലോ മത്സരം
08.30 pm : ക്രിസ്തുമസ് കരോൾ മത്സരം
09.30 pm : ക്രിസ്തുമസ് ക്രിബ് മത്സരം

**ഡിസംബർ 24 ബുധൻ : ക്രിസ്തുമസ് കരുതൽ ദിനം & നോയേൽ 2025**

8 am to 12 nn : ക്രിസ്തുമസ് കരുതൽ ദിന കാരുണ്യ പ്രവൃത്തികൾ വിവിധ സംഘടനകളിലൂടെ...
6.30 pm to 8.30 pm : നോയേൽ 2025 ക്രിസ്തുമസ് ആഘോഷ റാലി (നേതൃത്വം : ജീസസ് യൂത്ത് & യൂത്ത് സി.എൽ.സി. & കെ.സി.വൈ.എം.)
11.30 pm : ബൈബിൾ മാസാചരണ സമാപനം, പിറവി തിരുകർമ്മങ്ങൾ പിറവിതിരുനാൾ കുർബാന, സന്ദേശം, ക്രിസ്തുമസ് കിറ്റ്, സ്റ്റാർസ് ഓഫ് ക്രിസ്തുമസ്, ക്രിസ്തുമസ് കരോൾ ഗാനാലാപനം, ക്രിസ്തുമസ് സമ്മാന കൂപ്പൺ നറുക്കെടുപ്പ്, ക്രിസ്തുമസ് പൊതി വിതരണം, നോമ്പ് വീടൽ & ബോൺ നത്താലെ (നേതൃത്വം : കെ.എൽ.എം., യൂത്ത് സി.എൽ.സി, വിശ്വാസ പരിശീലന കുട്ടികൂട്ടായ്മ, ജൂനിയർ സി.എൽ.സി. & ഗായകസംഘം)

**ഡിസംബർ 25 വ്യാഴം : ക്രിസ്തുമസ് ദിനം**

06.30 am : വി. കുർബാന, ആശുപത്രികളിൽ ഉണ്ണീശോയ്ക്കൊരു സമ്മാന വിതരണം (നേതൃത്വം : യൂത്ത് സി.എൽ.സി.)

**ഡിസംബർ 26 വെള്ളി : എട്ടാം വെള്ളിയാചരണം**

06.00 am : ആരാധന, കുമ്പസാരം & കരുണകൊന്ത
06.30 am : വി. കുർബാന, വി. സെബസ്ത്യാനോസിന്റെ ലദീഞ്ഞ്, നൊവേന & നേർച്ച വിതരണം.

**ഡിസംബർ 28 ഞായർ : ജീസ്സസ് ബർത്ത്ഡേ പാർട്ടി & കുഞ്ഞു പൈതങ്ങളുടെ ദിനം & ബിരിയാണി ഫെസ്റ്റ്**

09.00 am : തൊട്ടിൽ സമർപ്പണം & കുഞ്ഞുപൈതങ്ങളുടെ ദിന പ്രാർത്ഥ നാശുശ്രൂഷ & മധുര വിതരണം (നേതൃത്വം : തിരുബാലസഖ്യം)
11.00 am : ബിരിയാണി ഫെസ്റ്റ് (നേതൃത്വം : യുവജന കൂട്ടായ്മ)
11.30 am : ജീസ്സസ് ബർത്ത്ഡേ പാർട്ടി (നേതൃത്വം : കത്തോലിക്ക കോൺഗ്രസ്സ് & ജീസസ് യൂത്ത്)

**ഡിസംബർ 31 ബുധൻ : വർഷാവസാന പ്രാർത്ഥന & ഇടവക മഹോത്സവത്തിന് ഒരുക്കമായി 9 മണിക്കൂർ ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന**

NB : രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല.
09.00 am : ഇടവക തിരുനാൾ മഹോത്സവത്തിന് ഒരുക്കമായ 9 മണിക്കൂർ ആരാധന - മധ്യസ്ഥ പ്രാർത്ഥന
06.00 pm : വർഷാവസാന തിരുമണിക്കൂർ ആരാധന
07.00 pm : വർഷാവസാന പ്രാർത്ഥന & വി. കുർബാന & പഴയ മനുഷ്യനെ കത്തിക്കൽ
08.00 pm : ഉണ്ണീശോയ്ക്ക് പൊൻകൊടി, പുണ്യമാല, സുകൃതബൊക്കെ സമർപ്പണം (നേതൃത്വം : തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി.)

**ജനുവരി 01 വ്യാഴം : ഉണ്ണീശോയുടെ തിരുനാൾ & വർഷാരംഭം**

05.30 am : വർഷാരംഭ ആരാധന
06.30 am : വർഷാരംഭ പ്രാർത്ഥന, ഉണ്ണീശോയുടെ തിരുനാൾ കുർബാന, കാരുണ്യ സമർപ്പണം, കാഴ്ച സമർപ്പണത്തോടെ പുഷ്പാർച്ചന & നേർച്ചവിതരണം ( നേതൃത്വം : തിരുബാലസഖ്യം)

| ഡിസംബർ മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ | |
|---|---|
| തിയ്യതി | കുടുംബകൂട്ടായ്മ |
| ഡിസംബർ 07 ഞായർ | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |
| ഡിസംബർ 14 ഞായർ | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |
| ഡിസംബർ 21 ഞായർ | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| ഡിസംബർ 28 ഞായർ | മേരി മാതാ കുടുംബകൂട്ടായ്മ |

| ആദ്യഫല ലേലം - മിഷൻ സണ്ടേ കളക്ഷൻ 2025 | |
|---|---|
| കുടുംബകൂട്ടായ്മ | തുക |
| സെന്റ് ജോസഫ് കുടുംബകൂട്ടായ്മ | 3475.00 |
| മേരി മാതാ കുടുംബകൂട്ടായ്മ | 3200.00 |
| സെന്റ് ആന്റണി കുടുംബകൂട്ടായ്മ | 2000.00 |
| സെന്റ് തോമസ് കുടുംബകൂട്ടായ്മ | 2050.00 |
| സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ | 2860.00 |
| സെന്റ് സേവ്യർ കുടുംബകൂട്ടായ്മ | 2065.00 |

2025 വർഷത്തിലെ ഏറ്റവും കൂടുതൽ മിഷൻ കളക്ഷൻ സമർപ്പിച്ച സെന്റ് ജോസഫ് കുടുംബകൂട്ടായ്മയെ ഇടവകദിനത്തിൽ പ്രത്യേകം മിഷൻ സണ്ടേ ട്രോഫി നൽകി ആദരിക്കുന്നതായിരിക്കും



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക

**കേരള ലേബർ മൂവ്മെന്റ് (KLM)**

# ക്രിസ്തുമസ് സമ്മാന കൂപ്പൺ

ആകർഷകമായ സമ്മാനങ്ങൾ

നറുക്കെടുപ്പ് : ക്രിസ്തുമസ് ദിനത്തിൽ, ദൈവാലയ അങ്കണത്തിൽ

പാവനസ്മരണയ്ക്ക്



**22-ാം**
**ചരമവാർഷികം**
19-05-2025



എലവത്തിങ്കൽ കാട്ടൂക്കാരൻ
വാവു
# കുരിയൻ

**13-ാം**
**ചരമവാർഷികം**
14-10-2025



എലവത്തിങ്കൽ കാട്ടൂക്കാരൻ
കുരിയൻ ഭാര്യ
# ത്രേസ്യ

**സ്വർഗ്ഗത്തിൽ 4-ാം പിറന്നാൾ**



ജനനം
01-07-1963

കാട്ടൂക്കാരൻ കുരിയൻ
# റാഫി

മരണം
30-12-2021

കോട്ടയിൽ റോഡ്, കുന്നംകുളം

സന്തപ്ത കുടുംബാംഗങ്ങൾ



# പരിശുദ്ധ അമലോൽഭവ മാതാവ്

സിസ്റ്റർ നൈസി മരിയ

ഉത്ഭവ പാപത്തിൽ നിന്നും കർമ്മ പാപത്തിൽ നിന്നും കാത്തു രക്ഷിക്കപ്പെട്ടവളാണ് പരിശുദ്ധ മറിയം. പരിശുദ്ധ കന്യകാമറിയം ഉത്ഭവപാപമില്ലാതെ പിറന്നു എന്ന വിശ്വാസ സത്യമാണ് മാതാവിന്റെ അമലോൽഭവം. ദൈവത്താൽ കൃപാവരം കൊണ്ട് നിറയ്ക്കപ്പെട്ട മറിയം അവളുടെ ഉത്ഭവ നിമിഷം മുതൽ തന്നെ രക്ഷിക്കപ്പെട്ടവളാണ്. ജോവാക്കിമിന്റെയും അന്നയുടെയും എത്രയും പവിത്രയായ പുത്രി, നീ ദൈവത്തിന്റെ മണവാട്ടിയും അമ്മയുമാകുവാൻ വേണ്ടി അധികാരങ്ങളിലും ശക്തികളിലും നിന്നും മറയ്ക്കപ്പെട്ട് പരിശുദ്ധാത്മാവിന്റെ മണവറയിൽ വസിക്കുകയും മാലിന്യത്തിൽ നിന്ന് രക്ഷപ്പെടുകയും ചെയ്തു.

1854-ൽ ഒമ്പതാം പീയൂസ് പാപ്പ അമലോൽഭവം വിശ്വാസ സത്യമായി പ്രഖ്യാപിച്ചു. സ്വപുത്രന്റെ യോഗ്യതകളെ മുൻനിർത്തി കൂടുതൽ ഉന്നതമായ രീതിയിൽ അവൾ രക്ഷിക്കപ്പെട്ടു. സൃഷ്ടിക്കപ്പെട്ട മറ്റേതൊരു വ്യക്തിയെക്കാളും അധികമായി മറിയത്തെ പിതാവ് ക്രിസ്തുവിൽ സ്വർഗീയമായ എല്ലാ അനുഗ്രഹങ്ങളും കൊണ്ട് ആശീർവദിച്ചു.തന്റെ മുൻപിൽ സ്നേഹത്തിൽ പരിശുദ്ധയും നിഷ്കളങ്കയും ആയിരിക്കാൻ ലോക സ്ഥാപനത്തിന് മുൻപേ മറിയത്തെ ദൈവം ക്രിസ്തുവിൽ തിരഞ്ഞെടുത്തു. (ccc, 492)

വിശുദ്ധിയിലേക്ക് എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. ഓരോരുത്തരും അവരവർക്ക് നൽകപ്പെട്ട മാർഗത്തിലൂടെ വിശുദ്ധി കൈവരിക്കണം. ദൈവകൃപയാൽ കളങ്കമില്ലാതെ ഉൽഭവിച്ച പരിശുദ്ധ അമ്മ തന്റെ ജീവിതത്തിലൂടനീളം ഈ വിശുദ്ധി പരിപാലിച്ച് പോന്ന വ്യക്തിയാണ്.പരിശുദ്ധ കന്യകാമറിയം ജന്മപാപത്തിന്റെ കറയില്ലാതെ ജനിച്ചവളാണ് എന്ന വിശ്വാസസത്യം പ്രഖ്യാപിച്ചതിന്റെ സ്മാരകമായി ഒരു മരിയൻ സ്തൂപം റോമാ നഗരത്തിന്റെ ഹൃദയഭാഗത്ത് സ്പാനിഷ് ചത്വരത്തിൽ 1857 സെപ്റ്റംബർ 8ന് സ്ഥാപിക്കപ്പെട്ടു. ഇറ്റാലിയൻ ശിൽപ്പി ജ്യൂസപ്പേ ഒബിചിയാണ് അമലോൽഭവസ്വരൂപം വെങ്കലത്തിൽ പണിതീർത്തത്. 8 അടി ഉയരമുള്ള മാർബിൾ സ്തൂപത്തിലാണ് 16 അടി ഉയരമുള്ള അമലോൽഭവനാഥയുടെ അതിമനോഹരമായ വെങ്കലശില്പം ഉയർന്ന് നിൽക്കുന്നത്. ക്രിസ്തു

വിലൂടെ തുറക്കപ്പെട്ട ദൈവരാജ്യത്തിന്റെ സന്ദേശം പ്രഘോഷിച്ച നാല് സുവിശേഷകന്മാരെയും പ്രതീകാത്മകമായി സ്തൂപത്തിന്റെ ചുവട്ടിൽ ചിത്രീകരിച്ചിട്ടുണ്ട്. 1858 ഫെബ്രുവരി 11ന് ഫ്രാൻസിലെ ലൂർദിൽ ബെർണഡേറ്റ് എന്ന പെൺകുട്ടിക്ക് തന്റെ നാമം വെളിപ്പെടുത്തിക്കൊണ്ട് മാതാവ് ഇപ്രകാരം പറഞ്ഞു 'ഞാൻ അമലോൽഭവയാണ്'. അമലോൽഭവസ്തംഭം 1878ൽ ഉയർത്തിയതും അതിന് മുകളിൽ ഇരുപതിനായിരം പൗണ്ട് ഭാരമുള്ള വെങ്കല ശില്പം സ്ഥാപിച്ചതും റോമാ നഗരത്തിലെ അഗ്നിശമനസേനാംഗങ്ങളായിരുന്നു. അതിന്റെ പിന്തുടർച്ചയാണ് എല്ലാവർഷമുള്ള പുഷ്പാർച്ചന.

ഡിസംബർ 8 പരിശുദ്ധ അമലോൽഭവ മാതാവിന്റെ തിരുനാൾ ആശംസകൾ എല്ലാവർക്കും നേരുന്നു. മാതാവ് അനുഗ്രഹിക്കട്ടെ.

## സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ.എൽ.എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി.എൽ.സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി.എൽ.സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ.സി.വൈ.എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |

# സെന്റ് സേവ്യർ കുടുംബകൂട്ടായ്മ വാർഷികം




സെന്റ് സേവ്യർ കുടുംബകൂട്ടായ്മ വാർഷികം നവംബർ 23 ഞായറാഴ്ച ഇടവക പാരിഷ്ഹാളിൽ (സെഹിയോൻ ശാല) സമുചിതമായി ആഘോഷിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ഇടവക വികാരി റവ. ഫാ. ഡെയ്സൻ മുണ്ടോപുറം അദ്ധ്യക്ഷത വഹിച്ചു. സുപ്പീരിയർ സിസ്റ്റർ ബെൻസി സി.എം.സി. യോഗം ഉദ്ഘാടനം ചെയ്തു. കുടുംബകൂട്ടായ്മ പ്രസിഡണ്ട് എം.എൽ. മാണി സ്വാഗതവും, സെക്രട്ടറി ബീന സജി വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു.

കുടുംബകൂട്ടായ്മ അനിമേറ്റർ സിസ്റ്റർ ഡെൽന, ഇടവക കൈക്കാരന്മാരായ കെ.എൽ. ലോയ്ഡ്, വർഗ്ഗീസ് ആന്റണി,കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനറും സെന്റ്തോമസ് കുടുംബകൂട്ടായ്മ പ്രസിഡണ്ടുമായ ലിയോൺ ജോർജ്ജ്, ഭക്തസംഘടനാ ഏകോപന സമിതി കൺവീനർ സി.ഒ. ആന്റണി, ഇടവക പി.ആർ.ഒ. വി.സി. ജോസി, പ്രതിനിധിയോഗം സെക്രട്ടറി തോംസൺ തച്ചിൽ, മേരിമാതാ കുടുംബകൂട്ടായ്മ പ്രസിഡണ്ട് രാജു ബി. ചുങ്കത്ത്, സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് സി.എം. സാംസൺ, സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് കെ. ജെ. ജെയ്സൺ, ദേവാലയ ശുശ്രൂഷി വി.എ. ഉല്ലാസൻ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

വാർഷിക ആഘോഷത്തോടനുബന്ധിച്ച് കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഇടവകയിലെ പുവർ ഫണ്ടിലേക്ക് സംഭാവന നൽകി.

യോഗത്തിൽ മുതിർന്ന അംഗങ്ങളുടേയും, കുട്ടികളുടേയും കലാപരിപാടികളും സമ്മാനദാനവും സ്നേഹവിരുന്നും ഉണ്ടായിരുന്നു. വാർഷിക ആഘോഷത്തിൽ വൈസ് പ്രസിഡണ്ട് തോംസൺ തച്ചിൽ നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ വാർഷിക ആഘോഷങ്ങൾ സമാപിച്ചു.

# പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ കെ.എൽ. ലോയ്ഡ് സ്വാഗതം പറഞ്ഞു.
2. ഒക്ടോബർ മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. പള്ളിയുടെ അത്യാവശ്യമുള്ള ഭാഗങ്ങൾ വൃത്തിയാക്കി പെയിന്റ് ചെയ്യുന്നതിന് തീരുമാനിച്ചു.
4. പള്ളിയിലേക്ക് ലഭിച്ച സ്വർണ്ണംകൊണ്ട് സ്വർണ്ണകുരിശും വി. കുർബാനക്ക് ഉപയോഗിക്കുന്ന തിരുപാത്രങ്ങളും സ്വർണ്ണം പൂശുന്നതിന് തീരുമാനിച്ചു.
5. ഇടവക തിരുനാളിന് കൂടുതുറക്കൽ ശുശ്രൂഷയ്ക്കും തിരുനാൾ ദിനത്തിലെ തിരുകർമ്മങ്ങൾക്കും നേതൃത്വം നൽകാൻ സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മയെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തു.
6. തിരുനാളിന് ശനിയാഴ്ച വൈകീട്ട് അമ്പ്, കിരീടം, തിരുശേഷിപ്പ്, പള്ളിയിൽ അവസാനിപ്പിക്കേണ്ട സമയം കുടുംബകൂട്ടായ്മകൾക്ക് നിശ്ചയിച്ചു നൽകി.
7. യോഗത്തിൽ കൈക്കാരൻ ജോഫി ജോസഫ് നന്ദി പറഞ്ഞു.

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 14-12-2025 | 3.00 pm | സെന്റ് സേവ്യർ | **വാഴപ്പിള്ളി റോസിലി ആന്റണി**<br>(എം.സി. അവന്യു) |
| 14-12-2025 | 3.30 pm | സെന്റ് ജോസഫ് | **കോയിത്തറ വർഗ്ഗീസ് ജോൺ**<br>(MGRA, ഗേൾസ് ഹൈസ്കൂളിന് സമീപം) |
| 14-12-2025 | 4.00 pm | മേരിമാതാ | **നെടുംപുറത്ത് ദേവസ്സി വർഗ്ഗീസ്**<br>(ഡോ. എൻ.ഡി. വർഗ്ഗീസ്, ഇന്ദിരനഗർ 2nd അവന്യു) |
| 14-12-2025 | 4.30 pm | സെന്റ് ജോർജ്ജ് | **കണ്ണനായ്ക്കൽ തങ്കമ്മ ജോണി**<br>(നെപ്പൻസ് റോഡ്) |
| 14-12-2025 | 5.00 pm | സെന്റ് ആന്റണീസ് | **ചുങ്കത്ത് റോസി ഫ്രാൻസീസ്**<br>(കക്കാട്) |
| 14-12-2025 | 5.30 pm | സെന്റ് തോമസ് | **പാണേങ്ങാടൻ ഷാജി വർഗ്ഗീസ്**<br>(കിഴൂർ അമ്പലക്കുളത്തിന് സമീപം) |



# HAPPY 9th BIRTHDAY

20-12-2025

## Angel C. Binny

D/o. Binny C.D.
& Anupama Binny
Chungath House
Kakkad - Kunnamkulam

*Best Compliments From*
*Appapa, Ammama*
*& Aunty*



# 26th Anniversary

26-12-2025

## V.J. Sunil & Anandhi

*Vakayil House*
*Kanippayur*
*Kunnamkulam*

*Sharing Happiness :* ***Sonnet Sunil, Senit Sunil***

# കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്
## 2024-25 വിശ്വാസപരിശീലനം ഉന്നത വിജയം കരസ്ഥമാക്കിയവർ

### NURSERY


I$^{st}$: Eulalia Antu E.


I$^{st}$: Judith Thressia Syjan


I$^{st}$: Caitlin Charles


II$^{nd}$: Joshua Jofee


III$^{rd}$: Steewalk

### STD - I


I$^{st}$: Joselyn Maria


II$^{nd}$: Charles Muttath


III$^{rd}$: Amoz Abhilash

### STD - II


I$^{st}$: Angel V.J.


II$^{nd}$: Evangelose P.B.


III$^{rd}$: Angel C. Binny

### STD - III


I$^{st}$: Evelyn Johnson


II$^{nd}$: Anthonies Antu E.



III$^{rd}$: Annlyn Maria C.J.


III$^{rd}$: Edward Stanley C.

### STD - IV


I$^{st}$: Amal Joe Alappat


II$^{nd}$: Godwin V.J.


III$^{rd}$: Alwin Leon

### STD - V


I$^{st}$: Abina C.S.


II$^{nd}$: Agna Joy


III$^{rd}$: Anlet Maria C.R.

### STD - VI


I$^{st}$: Grace V. Manoj


II$^{nd}$: Adheena James


III$^{rd}$: Ajay Chris K.J.

# കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്
## 2024-25 വിശ്വാസപരിശീലനം ഉന്നത വിജയം കരസ്ഥമാക്കിയവർ



**STD - VII**


Ist: Abel Rose C.S.


IInd: Adhya Maria Augustine


IIIrd: Eva Rose Fobin

**STD - VIII**


Ist: Christy V.J.


IInd: Lismystica Sijo


IIIrd: Ankith Augustine


**STD - IX**


Ist: Anna Johnson


IInd: Isabel Rose Joy


IIIrd: Ananya Alphonse

**STD -X**


Ist: Aaron Francis


IInd: Anrich Theresa Joy


IIIrd: Selas Alappat

**STD -XI**


Ist: Albin A. Saji


Ist: Ajna James


IInd: Maria Suresh


IIIrd: John Emmanuel


IIIrd: Ann Rose C.F.


IIIrd: Dhaana Anto

**STD - XII**


Ist: Angel Maria George


IInd: Rose Mystica Sijo


IIIrd: Senit Sunil

**ACC**


Ist: Jashly C.J.


IInd: Sneha Loid


IInd: Saniya V.M.


IIIrd: Sandra V.M.

# 2024-25 വിശ്വാസപരിശീലനം ഫുൾ അറ്റന്റൻസ് നേടിയവർ



Eulalia Antu E. (Nursery) | Judith Thressia Syjan(Nursery) | Angel C. Binny (Std. II) | Evangelose P.B. (Std.II) | Anthonies Antu E. (Std.III) | Evelyn Johnson (Std.III)



Gracen Lolak P.B. (Std.IV) | Alwin Leon (Std.IV) | Albion P.S. (Std. V) | Evan Johnson (Std. V) | Ajay Chris (Std. VI) | Adheena James (Std. VI)



Sanusha C.B. (Std. VI) | Able Rose C.S. (Std. VII) | Eva Rose (Std. VII) | Hephziba K. Unni (Std. VIII) | Abishek K.J.(Std. VIII) | Amal Harish(Std. VIII) | Ivin C.S.(Std. VIII)



Abhishek Baiju (Std.IX) | Aldrin Saji (Std.IX) | Christin Babu (Std.IX) | Anvin C.S. (Std.IX) | Aaron Francis (Std.X) | Ashlin P. Ronald (Std.X) | Niya P.B. (Std.X)



Amal Dev K.J.(Std.XI) | Amal Rosh(Std.XI) | John C.K.(Std.XI) | Ajna James (Std.XI) | Maria Suresh (Std.XII) | Ann Mariya Babu (Std.XII) | Sneha Loyd (ACC)



LILLY P.A. (Staff) | Binny C.D.(Staff) | Kripadas(Staff) | Johnpaul (Staff) | Rahul Suresh (Staff) | Simsha Joy (Staff) | Anjali Maria shaji (Staff)



Sr. Jestina CMC (Aptitude Test I) | Simsha Joy (Aptitude Test II) | Sr. Delna Rose CMC (Aptitude Test III) | Jini Jaimon (Aptitude Test III) | Nimmy Jopaul (Logos Quiz I) | Anna Johnson (Logos Quiz II) | Sr. Delna Rose CMC (Logos Quiz III)

# സംഘടനാ വാർത്തകൾ

**യൂത്ത് സി.എൽ.സി.**

* നവംബർ 1ന് സകല മരിച്ചവരുടേയും ഓർമ്മ തിരുനാളിനോടനുബന്ധിച്ച് മഞ്ച-പുഷ്പ സമർപ്പണത്തിനും വെഞ്ചിരിപ്പിനും നേതൃത്വം നൽകി.
* നവംബർ 16 ഞായറാഴ്ച യൂത്ത് സി.എൽ.സി. അംഗങ്ങൾക്കായി ഉണർവ്വ് സെമിനാർ നടത്തി. സിസ്റ്റർ റെജി തെരേസയുടെ നേതൃത്വത്തിൽ നടത്തിയ സെമിനാറിൽ ഈ കാലഘട്ടത്തിൽ നാം അകന്ന് നിൽക്കേണ്ട തിന്മകളെക്കുറിച്ചും നമുക്ക് ഉണ്ടാകേണ്ട ജീവിത മൂല്യങ്ങളെക്കുറിച്ചും പറഞ്ഞുകൊണ്ട് യുവജനങ്ങളെ ബോധവൽക്കരിച്ചു.

**മാതൃവേദി**

* നമ്മുടെ ഇടവകയിൽ വാലായ്മ ഉള്ള വീടുകളിലേക്ക് ഡീക്കൻ അച്ചനോടൊപ്പം മാതൃവേദി അമ്മമാർ പ്രാർത്ഥിക്കാനായി പോയി.
* യുവജന സംഗമത്തിന്റെ ഭാഗമായി നവംബർ 9ന് മാതൃവേദി അമ്മമാർ ഭക്ഷണം തയ്യാറാക്കി നൽകി.
* ഇടവകയിൽ ഏഴുമാസത്തോളം സേവനമനുഷ്ഠിച്ച ഡീക്കൻ ആൻസൺ അച്ചന് അംഗങ്ങൾ സ്നേഹവിരുന്ന് ഒരുക്കി യാത്രയയപ്പ് നൽകി.

**അൾത്താരസംഘം**

* നവംബർ 2ന് മരിച്ചുപോയ കുഞ്ഞുങ്ങൾക്കായി വി. കുർബാനയ്ക്ക് മുമ്പായി ദീപാഞ്ജലി നടത്തി.
* നവംബർ 16ന് ന്യൂസ് പേപ്പർ കളക്ഷൻ നടത്തി.
* നവംബർ 2ന് വർണ്ണക്കാഴ്ച, മിഷൻ കാർണിവെൽ എന്നിവക്ക് നേതൃത്വം നൽകി.

**കെ.സി.വൈ.എം.**

* നവംബർ 2ന് മരിച്ചവരുടെ ഓർമ്മദിനത്തോടനുബന്ധിച്ച് സെമിത്തേരി വൃത്തിയാക്കുകയും അലങ്കരിക്കുകയും കഴിഞ്ഞ വർഷം നമ്മുടെ ഇടവകയിൽ നിന്ന് മരിച്ചുപോയവരുടെ ചിത്രം വെച്ച് അനുസ്മരിക്കുകയും ചെയ്തു.

**തിരുബാലസഖ്യം**

* നവംബർ 2ന് വർണ്ണക്കാഴ്ച, മിഷൻ കാർണിവെൽ എന്നിവക്ക്

നേതൃത്വം നൽകി. മിഷൻ കാർണിവെൽ ബാനർ പ്രദർശിപ്പിച്ചു.

* നവംബർ 9ന് ശിശുദിന ഒരുക്ക പരിപാടികളായ പുഞ്ചിരി മത്സരം, ക്രിസ്തുരാജ ഫാൻസി ഡ്രസ്സ് മത്സരം, പ്രസംഗ മത്സരം എന്നിവ നടത്തുകയും വിജയികൾക്ക് സമ്മാനങ്ങളും നൽകി.
* നവംബർ 14ന് തിരുബാലസഖ്യ പ്രെയർ ഡേ ആരാധന നടത്തി. തുടർന്ന് ശിശുദിന പ്രാർത്ഥന, മധുരവിതരണം എന്നിവക്ക് നേതൃത്വം നൽകി. ഡീക്കനച്ചനൊപ്പം പെരുമ്പിലാവ് ബോയ്സ് ഹോമിലെ അന്തേവാസികൾക്ക് സമ്മാനങ്ങൾ നൽകി.
* നവംബർ 30ന് പാപ്പാദിനം ആചരിച്ചു.

**കത്തോലിക്കാ കോൺഗ്രസ്സ്**

* നവംബർ 30ന് ഞായറാഴ്ച സംഘടനയുടെ നേതൃത്വത്തിൽ അഭയം 2025 പദ്ധതിയിലൂടെ ഇടവകയിൽ നിന്നും മരണമടഞ്ഞവരുടെ നാമത്തിൽ പുല്ലഴി, മരിയാപുരം, പട്ടിക്കാട്, ചേറൂർ എന്നിവിടങ്ങളിലെ അന്തേവാസികളായ 400 പേർക്ക് ഒരു നേരത്തെ ഭക്ഷണം നൽകി.

**ജൂനിയർ സി.എൽ.സി.**

* നവംബർ 1ന് ആരാധന, സകല വിശുദ്ധരുടേയും ലുത്തിനിയ, പുഷ്പാർച്ചന, വിശുദ്ധർക്ക് ഹാര സമർപ്പണം എന്നിവ നടത്തി. സകല വിശുദ്ധരുടേയും തിരുനാൾ കുർബാനക്കും നേർച്ച വിതരണത്തിനും നേതൃത്വം നൽകി.
* നവംബർ 2ന് വർണ്ണക്കാഴ്ച, മിഷൻ കാർണിവെൽ എന്നിവക്ക് നേതൃത്വം നൽകി.
* നേതൃത്വം 30ന് കുടുംബകൂട്ടായ്മകൾക്കായി സെയിന്റ്സ് ക്വിസ് നടത്തി.

**ഗായകസംഘം**

* നവംബർ 22ന് വി. സിസിലിയുടെ തിരുനാൾ ആഘോഷിച്ചു. രാവിലെ ആരാധന, ലദീഞ്ഞ്, പുഷ്പാർച്ചന, നൊവേന, തിരുനാൾ കുർബാന, കാരുണ്യസമർപ്പണവും നേർച്ചവിതരണവും നടത്തി. വൈകീട്ട് പതാകവന്ദനവും, അംഗത്വ സ്വീകരണവും നടത്തി.

## അറിയിപ്പ്

**മാമ്മോദീസ, മനസമ്മതം, വിവാഹം.... Etc....**
എന്നിവ നടത്തിയതിന്റെ സർട്ടിഫിക്കറ്റുകൾ,
നടത്തിയ ദിവസമോ, അല്ലെങ്കിൽ അതിന്റെ ഏറ്റവും അടുത്ത ദിവസമോ
വികാരിയച്ചന്റെ കയ്യിൽ ഏൽപ്പിക്കേണ്ടതാണ്.

# ഇടവക ആൽബം


## ശിശുദിനാശംസകൾ



## സകല മരിച്ചവരുടേയും ഓർമ്മ തിരുനാൾ




## മിഷൻ കാർണിവെൽ



## പി.ടി.എ. പൊതുയോഗം



# ഇടവക ആൽബം

സകല വിശുദ്ധരുടേയും തിരുനാൾ



കൊന്തമാസ സമാപനം



യൂത്ത് സണ്ടേ യുവജന സംഗമം



ഇടവക തിരുനാൾ മഹോത്സവ കമ്മിറ്റി ഓഫീസ് ഉദ്ഘാടനം



കുടുംബകൂട്ടായ്മകളുടെ ഫുഡ്ഫെസ്റ്റ്



# ഇടവക ആൽബം

## ക്രിസ്തുരാജ തിരുനാൾ





## ക്രിസ്തുരാജ തിരുനാൾ






## വിശ്വാസ പരിശീലന സൂപ്പർ സൺഡേ








# ഇടവക ആൽബം

വിശുദ്ധ ചാൾസ് ബെറോമിയയുടെ തിരുനാൾ
& വിശ്വാസ പരിശീലകരുടെ ദിനം



അഭയം 2025



ചിൽഡ്രൻസ് കോർണർ

*Art*





Angel Shaji



# പരിസ്ഥിതി സംരക്ഷണം

ആൻവിൻ സി.എസ്.

നാം ജീവിക്കുന്ന പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. പരിസ്ഥിതിയെ മലിനീകരിക്കുന്ന അഥവാ നശിപ്പിക്കുന്ന വസ്തുക്കളുടെ ഉപയോഗം നമ്മൾ കുറയ്ക്കണം. മലിനീകരണം പ്രധാനമായും 4 വിധത്തിലാണ് ഉള്ളത്. വായു മലിനീകരണം, ജലമലിനീകരണം, മണ്ണ് മലിനീകരണം, ശാസ്ത്ര മലിനീകരണം.

വായു മലിനീകരണം കാരണം പലതരത്തിലുള്ള അസുഖങ്ങൾ, ശ്വാസ സബന്ധമായ അസുഖങ്ങൾ ഉണ്ടാകുന്നു. കുട്ടികളേയും പ്രായമായവരേയും ഇത് വളരെ സാരമായി ബാധിക്കുന്നു. പ്ലാസ്റ്റിക് മുതലായ രാസപദാർത്ഥങ്ങൾ കൊണ്ട് നിർമ്മിച്ച വസ്തുക്കൾ കത്തിക്കുന്നതും ഇതിനു കാരണമാണ്. കൽക്കരി കത്തിക്കുമ്പോൾ അതിൽനിന്നും പുറപ്പെടുന്ന വാതകത്തിൽ കാർബൺ ഉണ്ട്. കാർബൺ വായുവിൽ കലരുമ്പോൾ കാർബൺ സൂര്യപ്രകാശം തന്നിലേക്ക് ഉൾക്കൊള്ളുകയും അന്തരീക്ഷത്തിലെ താപനില കൂടുന്നു. ഇത് ആഗോളതാപനത്തിന് വഴിയൊരുക്കുന്നു. ആഗോളതാപനം മൂലം അന്റാർട്ടിക്കയിലെ മഞ്ഞ് ഉരുകുന്നു എന്ന് പഠനം തെളിയിച്ചിട്ടുണ്ട്.

ഇങ്ങനെ മഞ്ഞുരുകുന്നതിലൂടെ അതിന്റെ ഉള്ളിൽ ഉറഞ്ഞുകിടന്നിരുന്ന അജ്ഞാതമായ ബാക്ടീരിയകളും, വൈറസുകളും വീണ്ടും ജീവൻ പ്രാപിക്കുന്നു. ഇത് മനുഷ്യരാശിക്ക് ആപത്ത് ഉണ്ടാക്കുന്നു.

ജലമലിനീകരണത്തിന്റെ പ്രധാനം കാരണം മലിന വസ്തു




ക്കൾ അജൈവ മാലിന്യങ്ങൾ തുടങ്ങിയവയുടെ അമിതമായ നിക്ഷേപമാണ്. പ്ലാസ്റ്റിക് പോലുള്ളവ ജലത്തിൽ കലരുമ്പോൾ ജലം മലിനമാക്കപ്പെടുന്നു.

നദീതീരങ്ങളിലെ ആചാരാനുഷ്ഠാനങ്ങളും ജലമലിനീകരണത്തിന് കാരണമാകുന്നു. ഇത് ജലത്തിലുള്ള ജീവികളുടേയും ചെടികളുടേയും നിലനിൽപ്പിന് തന്നെ ഭീഷണിയാണ്. ഇത്തരം മീനുകളെ ഭക്ഷിക്കുന്നതിലൂടെ നമ്മുടെ ശരീരത്തിനുള്ളിലേക്ക് ഈ പ്ലാസ്റ്റിക് കണികകൾ പ്രവേശിക്കുകയും മാരകമായ അസുഖങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യും.

മാലിന്യങ്ങൾ മണ്ണിലേക്ക് നിക്ഷേപിക്കുന്നതും അജൈവ അമിതമായ രാസപദാർത്ഥങ്ങളുടെ ഉപയോഗവും മണ്ണിന്റെ ഗുണത്തെ നശിപ്പിക്കുന്നു. ഇത് ചെടികളുടെ വളർച്ചയെ ബാധിക്കുന്നു.

ശബ്ദമലിനീകരണം കേൾവിശക്തിയെ ബാധിക്കുന്നു. വാഹനങ്ങളുടെ ഹോൺ ഇതിനുദാഹരണമാണ്.

ഇത്തരം മലിനീകരണം മൂലം മനുഷ്യനും മൃഗങ്ങളും ഒരുപോലെ ദുരിതമനുഭവിക്കേണ്ടിവരുന്നു. മനുഷ്യരുടെ പ്രകൃതിയോടുള്ള നീചമായ പ്രവൃത്തികളാണ് ഇതിന് കാരണം. നാം ജീവിക്കുന്ന പരിസ്ഥിതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക ഇതുപോലെ ചെറിയ കാര്യങ്ങളിലൂടെ പോലും നമുക്ക് പ്രകൃതിയെ സംരക്ഷിക്കാം.



KLM കുന്നംകുളം യൂണിറ്റിന്റെ നേതൃത്വത്തിൽ
ഇടവക തിരുനാളിനോടനുബന്ധിച്ച്

അച്ചപ്പം കുഴലപ്പം

ഓർഡറുകൾ സ്വീകരിച്ച് വിതരണം ചെയ്യുന്നു

വിതരണം : 2026 ജനുവരി 4 ഞായറാഴ്ച ദൈവാലയ അങ്കണത്തിൽ

ഓർഡറുകൾക്ക്

കെ.ജെ. ജെയ്സൺ - 9947659286
ലാലി വിനയൻ - 9744145255
ആന്റു വർഗ്ഗീസ് - 9947912316
സൗമ്യ ദേവസ്സി - 8714197043


1-ാം ചരമ വാർഷികം
04-12-2025
അന്തിക്കാട്ട് അന്തോണി ഭാര്യ
ജനനം
28-11-1942
മേരി
മരണം
04-12-2024
കുന്നംകുളം
പ്രാർത്ഥനാപൂർവ്വം
കുടുംബാംഗങ്ങൾ




SINCE 1949
THARAKANS
ROYAL
JEWELLERY

Near Veterinary Hospital, Pattambi Road, Kunnamkulam. Tel: 9207 211078
Thrissur Road, Kunnamkulam. Tel: 9400211078

KM Trading, Abu Shagara, Sharjah - UAE.
T: 06-5570879. M: 00971564465704

www.tharakansroyaljewellery.com

100% BUY BACK FOR DIAMOND VALUE
HUID CERTIFIED JEWELLERY
INTERNATIONAL GEMOLOGICAL INSTITUTE

*ജൂനിയർ സി.എൽ.സി. പംക്തി*



# ദൈവമാതാവായ പരിശുദ്ധ മറിയം

ഇവ റോസ് ഫോബിൻ



ദൈവമാതാവ്, ദൈവം തന്റെ പുത്രന് മാതാവായി തെരഞ്ഞെടുത്ത കളങ്കമറ്റ കന്യകയാണ് പരിശുദ്ധ മാതാവ്. ദാവീദ് രാജാവിന്റെ കാലത്ത് ജൊവാക്കിമിന്റേയും അന്ന യുടേയും മകളായി ജനിച്ച മറിയം വിശുദ്ധരിൽ ഏറ്റവും ശ്രേഷ്ഠയാണ്. കാൽവരിയിൽ കുരിശിൽ കിടന്നു കൊണ്ട് കഠോര പീഢകൾ സഹിച്ച് മരിക്കാൻ പോകുന്ന സമയത്താണ് ഈശോ തന്റെ മാതാവിനെ ലോക ത്തിന് മുഴുവൻ ആയി അമ്മയെ നൽകിയത്.

അങ്ങനെ മരിയ ഭക്തിയുടെ ഉറ വിടം കാൽവരി മലയുടെ കുരിശിൻ ചുവടാണെന്ന് പറയാം... ഒരു ശിശു വിനെപോലെ വിശ്വാസത്തോടും ശരണത്തോടും കൂടി ഏതവസ രങ്ങളിലും നമുക്ക് മാതാവിനെ സമീപിക്കാം. പാപരഹിതമായ ജീവിതം നയിക്കുവാനും സാത്താന്റെ പരീക്ഷകളെ ജയിക്കു വാനും മാതൃഭക്തി ഉത്തമ സഹായകമാണ്. യഥാർത്ഥമായ മാതൃ ഭക്തി യേശുവെ കൂടുതൽ അറിയുവാനും, സ്നേഹിക്കുവാനും നമ്മെ സഹായിക്കുന്നു. ദൈവത്തിന്റെ തിരുവിഷ്ടം പൂർണ്ണമായി നിറവേറ്റുവാൻ ആത്മാർത്ഥമായി പരിശ്രമിച്ച് കർത്താവിന്റെ കല്ലറ വരെ അവിടുത്തെ അനുഗമിച്ചവളാണ് നമ്മുടെ അമ്മ പിതാ വിന്റെ ഇഷ്ടം നിറവേറ്റിയ ഈശോയെ സ്വ ജീവിതത്തിലൂടെ പ്രകാശിപ്പിച്ച പരിശുദ്ധ അമ്മ നമുക്ക് ഉത്തമ മാതൃകയാണ്. ജപ മാല ചൊല്ലി നമുക്ക് എല്ലാവർക്കും പരിശുദ്ധ അമ്മ വഴി യേശു ക്രിസ്തുവിലേക്ക് എത്തിച്ചേരാം.

പരിശുദ്ധ മാതാവേ ഞങ്ങൾക്ക് എല്ലാവർക്കും വേണ്ടി അങ്ങേ തിരുകുമാരനോട് അപേക്ഷിച്ചുകൊള്ളേണമേ.

ആമ്മേൻ

## മിഴിവിളക്ക്

# കാവൽ മാലാഖ


### 13. യെസായേൽ : "സകലതിലും ദൈവം മഹത്വപ്പെടുന്നു'
### (മെയ് 21-25 കാലയളവിൽ ജനിച്ചവർക്ക്)

തന്റെ സംരക്ഷണത്തിൽ കീഴിലുള്ളവർക്ക് വിശ്വസ്തത എന്ന ഗുണം കൊണ്ടുവരുന്ന ദൂതനാണിത്. അതുവഴി അവർ ഒറ്റക്കല്ല എന്ന ബോധം ഉളവാകുന്നു. സ്ത്രീയും പുരുഷനും തമ്മിലുള്ള യോജിപ്പിലൂടെ പുരോഗതി കൈവരുന്നു. ഇതിൽ വിശ്വസ്തത സുപ്രധാനമാണ്. യോജിപ്പിന്റെ രഞ്ജിപ്പും സൗന്ദര്യവും സ്നേഹം ചൊരിയുന്ന ധാരയായി അവരെ ഇദ്ദേഹം മാറ്റും. സമൂഹത്തിലും കുടുംബത്തിലും നാട്ടിലും ഭൂഖണ്ഡത്തിലും വംശത്തിലും ഐക്യത്തിന്റെ വാഹകരായി തന്റെ കീഴിലുള്ളവരെ ഈ ദൂതൻ പരിവർത്തിപ്പിക്കും.

പ്രാർത്ഥന : നാഥാ, ശരിയായ അളവിലുള്ള ദാനങ്ങളും കഴിവുകളും എനിക്കു തന്നാലും. എന്റെ മോഹങ്ങൾ മനസ്സിന്റെ നിയന്ത്രണത്തിനു വിധേയമായിരിക്കട്ടെ. ആഗ്രഹങ്ങളെ വിശ്വസ്ത നിയന്ത്രിക്കട്ടെ. പഴയകാലത്തെ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ എന്നെ ശക്തിപ്പെടുത്തുക. പുറംപൂച്ചു നിറഞ്ഞതും നിസ്സാരവും ജുഗുപ്സാവഹവും തരം താണതുമായ സർവ്വതും എന്നിൽ നിന്നും നീക്കം ചെയ്താലും. പകരം നിത്യതക്കുള്ള ദാഹം എന്നിൽ നിറയ്ക്കുക. അതുവഴി ജീവന്റെ സൗന്ദര്യം രഞ്ജിപ്പും ആനന്ദവും എമ്പാടും പരത്താൻ എനിക്ക് ഇടവരുമാറാകട്ടെ. അവിടുത്തെ സനാതന സത്യത്തിന്റെ സന്ദേശവാഹകനായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഉപദേശം : മറ്റുള്ളവരെ കാര്യങ്ങൾ ബോധ്യപ്പെടുത്താനും സ്വപക്ഷത്താക്കാനുമുള്ള ഉന്നതമായ കഴിവ് നിനക്കു ഞാൻ തരുന്നു. ആകർഷണീയതയായും ഗാംഭീര്യത്താലും നീ ഉദാത്തമായ ആശയങ്ങൾ പ്രകാശിപ്പിക്കും. നിന്റെ പുരോഗതി ലളിതവും ആശ്വാസപ്രദവുമായിത്തീരും. നിനക്ക് വിശ്വസ്തരായ സുഹൃത്തുക്കളുണ്ടാവും ആതിനാൽ സർവ്വവും പങ്കുവെക്കലാണ് നിന്റെ ഒന്നാമത്തെ കടമ.

തയ്യാറാക്കിയത്
ഏകോപനസമിതി, കുന്നംകുളം



# ബൈബിളിലൂടെ

ഡേവി

വാസ്തവത്തിൽ ഈ രണ്ടുകാര്യങ്ങൾ സാത്താൻ ഇവിടെ ലക്ഷ്യം വെക്കുന്നുണ്ട്. നീ ദൈവ പുത്രനാണെങ്കിൽ എന്ന പ്രയോഗം തന്നെ ആദ്യം എടുക്കാം. നീ ഒരു സാധാരണ മനുഷ്യനല്ല എന്ന ഈഗോ, അല്ലെങ്കിൽ താൻ നിസാരക്കാരനല്ല സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നവനാണ് എന്ന അഹംഭാവം യേശുവിൽ ഉണർത്താൻ വേണ്ടികൂടിയാണ് 'നീ ദൈവപുത്രനാണെങ്കിൽ' എന്ന പ്രയോഗം. വിശപ്പും ദാഹവും അതിന്റെ പാരമ്യത്തിൽ എത്തി നിൽക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യം ഈ രണ്ടുകാര്യങ്ങളും സാധിച്ചുകിട്ടുക എന്നതായിരിക്കും. പക്ഷേ, യേശു ഇവിടെ തന്റെ ശാരീരിക അവശതകൾക്ക് യാതൊരു പ്രാധാന്യവും കൊടുക്കുന്നില്ല എന്ന് യേശുവിന്റെ വാക്കുകളിലൂടെ വ്യക്തമാക്കുന്നു. അതുകൊണ്ടാണ് യേശു സാത്താനോട് പറയുന്നത് "മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല ദൈവത്തിന്റെ നാവിൽ നിന്നും പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നതെന്ന്. അതായത് ഭൗതിക ജീവിതത്തിലെ സുഖസൗകര്യങ്ങൾക്കുവേണ്ടി ജീവിതം പാഴാക്കാതെ ദൈവഹിതം നിറവേറ്റിക്കൊണ്ട് ജീവിക്കുക എന്ന് ചുരുക്കം. യേശുവിന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യംതന്നെ മനുഷ്യവംശത്തെ വീണ്ടെടുക്കുക എന്നതാണ്. തന്നെ തന്നെ സ്വയം ബലിയായി സമർപ്പിച്ചുകൊണ്ട് ആ ലക്ഷ്യം നിറവേറ്റുക എന്നതാണ് അതിന്റെ പരിസമാപ്തി. ശാരീരിക അവശതകളെ മറികടക്കാൻ, സഹനങ്ങളിൽ തളരാതിരിക്കാൻ മനസ്സിനെ ഒരുക്കുക എന്നതാണ് ഈ നാല്പതു ദിവസത്തെ ഉപവാസംകൊണ്ട് യേശു ലക്ഷ്യം വെക്കുന്നത്. യേശുവിന്റെ ലക്ഷ്യപ്രാപ്തിയെ തകർക്കുക എന്നതാണ് സാത്താന്റെ ലക്ഷ്യം. സാത്താന്റെ ആദ്യത്തെ പരിശ്രമം ഇവിടെ ഫലം കണ്ടില്ല; അത് ദയനീയമായി പരാജയപ്പെട്ടു.

രണ്ടാമത്തെ പരീക്ഷണമായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളത് (മത്തായിയുടെ സുവിശേഷം) വിശുദ്ധ നഗരത്തിലെ ദേവാലയത്തിന്റെ ഏറ്റവും ഉയരം കൂടിയ ഭാഗത്തേക്ക് യേശുവിനെ കൂട്ടിക്കൊണ്ടുപോയി യേശുവിനോട് താഴേക്ക് ചാടാനാണ് സാത്താൻ ആവശ്യപ്പെടുന്നത്. വിശുദ്ധ ലിഖിതം ഉദ്ധരിച്ചുകൊണ്ട് സാത്താൻ പറയുന്നത് ദൈവം നിന്റെ കാലുകൾക്ക് ഒരു പോറൽ

പോലും ഉണ്ടാകാതെ നിന്നെ താങ്ങിക്കൊള്ളാൻ മാലാഖമാരെ ഒരുക്കിനിർത്തും എന്നാണ്. വാസ്തവത്തിൽ മനുഷ്യനിലുള്ള ഈഗോയെ അല്ലെങ്കിൽ ഞാനെന്നഭാവത്തെ ഉണർത്താനുള്ള സാത്താന്റെ ഒരു പരിശ്രമമായിട്ടുവേണം ഇതിനെ കണക്കാക്കാൻ. നീ കുരിശിൽ കിടന്നു പിടഞ്ഞുമരിക്കാനൊന്നും പോകേണ്ട, ഇത്രയും ഉയരത്തിൽ നിന്നും ഒരു പോറൽപോലുമേൽക്കാതെ പാരച്യൂട്ടിൽ പറന്നിറങ്ങുന്നതുപോലെ താഴേക്കു വരുമ്പോൾ ജനങ്ങൾ നിന്നെ രണ്ടുകയ്യും നീട്ടി സ്വീകരിക്കും എന്ന് സാരം. ഇപ്പോൾ നീ മരപ്പണിക്കാരനായ ഔസേപ്പിന്റെ മകനാണ്. ദൈവദൂതന്മാരാൽ പരിസേവിതനായി ഒരു പോറൽപോലുമേൽക്കാതെ നീ താഴേക്കുവരുമ്പോൾ നിന്നിലെ ദൈവത്വം ജനങ്ങൾ തിരിച്ചറിയുകയും നിന്നെ രണ്ടുകയ്യും നീട്ടി സ്വീകരിക്കുകയും ചെയ്യും. സാത്താന്റെ രണ്ടാമത്തെ പരീക്ഷണത്തേയും വിശുദ്ധ ലിഖിതത്തിൽ നിന്ന് "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്" എന്നുകൂടി എഴുതപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞ് സാത്താനെ പ്രതിരോധിക്കുന്നു.

മനുഷ്യന്റെ എല്ലാ തിന്മകളുടേയും അടിസ്ഥാനം അവന്റെ ഞാനെന്ന ഭാവമാണ് (ഈഗോ). ആത്മീയ തലത്തിലും ഭൗതിക തലത്തിലും ഇതിന്റെ സ്വാധീനം ദൃശ്യമാണ്. രാജ്യങ്ങൾ തമ്മിലും ജാതി-മത-വർഗ്ഗീയ വിഭാഗങ്ങൾ തമ്മിലും ഉള്ള കലഹങ്ങൾക്കും തീവ്രവാദ പ്രവർത്തനങ്ങൾക്കും എല്ലാം പുറകിൽ ഈ ഈഗോതന്നെയാണ്. എന്തിനേറെ കുടുംബങ്ങൾക്കുള്ളിലും വ്യക്തിബന്ധങ്ങളിലും ഉള്ള മിക്കവാറും എല്ലാ പ്രശ്നങ്ങൾക്കും കാരണം ഈ ഈഗോതന്നെയാണ്. ഇപ്പോൾ ഈ ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങളുടെ കാര്യം തന്നെയെടുക്കുക. എത്രയോ മനുഷ്യരാണ് യുദ്ധങ്ങൾമൂലം കൊല്ലപ്പെടുന്നതും ദുരിതമനുഭവിക്കുന്നതും! ഭരണാധികാരികളുടെ വാശിയും ഞാനെന്ന ഭാവവുമാണ് ഈ പ്രശ്നങ്ങൾക്കെല്ലാം അടിസ്ഥാനം. അംഗരക്ഷകരെ തനിക്കു ചുറ്റും അണിനിരത്തി തങ്ങളുടെ ജീവൻ സുരക്ഷിതമാക്കി അണികളെ പരസ്പരം കൊല്ലാൻ വിടുകയാണ് ഓരോ രാഷ്ട്രതലവന്മാരും ചെയ്യുന്നത്. ഞാനാണ് ശരി, ഞങ്ങളാണ് ശരി, ഞങ്ങൾ മാത്രമാണ് ശരി എന്ന ചിന്തയാണ് എല്ലാ മത, രാഷ്ട്രീയ തീവ്രവാദങ്ങളുടേയും അടിസ്ഥാനം. മതവും ഭാഷയും സംസ്കാരവുമെല്ലാം ഒരു വ്യക്തിയിൽ രൂപപ്പെടുന്നത് ജീവിതസാഹചര്യങ്ങൾക്കനുസരിച്ചാണ്. ക്രൈസ്തവ മതവിശ്വാസത്തിലുള്ള ഒരു കുടുംബാന്തരീക്ഷത്തിൽ വളരുന്ന ഒരു കുട്ടിയിൽ ആ വിശ്വാസമാണ് വേരുറയ്ക്കുന്നത്. അതുപോലെതന്നെയാണ് ഹിന്ദുമതവും മുസ്ലീം മതവും ഭാഷയും സംസ്കാരവുമെല്ലാം ഒരു വ്യക്തിയെ സ്വാധീനിക്കുന്നത്.

(തുടരും...)

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ............................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ : ........................................... ഫോൺ നമ്പർ :.................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Evan Johnson, Class : VI, St. Antony Kudumbakoottayma

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

പാചക കോർണർ

# കണ്ടൻസ്ഡ് മിൽക്ക് പുഡിങ്ങ്

ബിന്ദു രാജു



**ചേരുവകൾ**

| | |
|---|---|
| മിൽക്ക് മെയ്ഡ് | 1 ടിൻ |
| പാൽ | 1 ടിൻ |
| വെള്ളം | 1 ടിൻ |
| ജെലാറ്റിൻ | 3 ടീസ്പൂൺ |
| പഞ്ചസാര | 8 ടീസ്പൂൺ |
| ബട്ടർ | 1 ടീസ്പൂൺ |
| കോൺ ഫ്ളവർ | 1 ടീസ്പൂൺ |
| മുട്ട | 4 എണ്ണം |
| കൊക്കോ / വാനില എസൻസ് | 1 ടീസ്പൂൺ |

**പാചകവിധി :-**

കണ്ടൻസ്ഡ് മിൽക്കും പാലും വെള്ളവും ചൂടാക്കി (മുട്ടയുടെ വെള്ളമാറ്റി) ഉണ്ണി നാലും പഞ്ചസാരയും കോൺഫ്ളവറും കൂടി അടിച്ചതിലേക്ക് ഒഴിച്ച് വീണ്ടും ചൂടാക്കി കസ്റ്റേഡ് ഉണ്ടാക്കുക. ഇറക്കിയ ശേഷം വെണ്ണ ചേർക്കുക. ഒന്ന് ചൂടാറുമ്പോൾ മുട്ടയുടെ വെള്ള നന്നായി അടിച്ച് ചേർക്കുക. പിന്നെ എസ്സൻസും ഇഷ്ടാനുസരണം ചേർത്ത് സെറ്റ് ചെയ്യാൻ വെക്കുക. സെറ്റ് ചെയ്യുമ്പോൾ ഒരു ടിൻ അജന്ത ക്രീം, 2 ടീസ്പൂൺ പഞ്ചസാരയും ഒരു ചെറുനാങ്ങയുടെ നീരും ചേർത്ത് നട്സ് കൊണ്ട് അലങ്കരിക്കുക.

# കൈതച്ചക്ക വൈൻ

**ചേരുവകൾ**

| | |
|---|---|
| കൈതച്ചക്ക | 1 കിലോ |
| പഞ്ചസാര | 2 കിലോ |
| വെള്ളം | 5 കുപ്പി |
| ഈസ്റ്റ് | 2 ടീസ്പൂൺ |

**പാചകവിധി :-**

കൈതച്ചക്ക നല്ലവണ്ണം കഴുകി തൊലിയോടുകൂടി നന്നായി അരിഞ്ഞ് വെള്ളവും പഞ്ചസാരയും ചേർത്ത് അഞ്ച് മിനിറ്റ് നേരം തിളപ്പിക്കുക. ചൂടാറിയ ശേഷം യീസ്റ്റും ചേർത്ത് അടപ്പുള്ള ഒരു ഭരണിയിലാക്കി വെയ്ക്കുക. ദിവസവും മരത്തവി കൊണ്ട് ഒന്നിളക്കി കൊണ്ട് ഇരുപത്തി ഒന്ന് ദിവസം കഴിയുമ്പോൾ രണ്ട് മടക്ക് തുണിയിൽകൂടി അരിച്ചെടുക്കുക. കളർ വേണമെങ്കിൽ പഞ്ചസാര കരിച്ച് ചേർക്കാം. വീണ്ടും ഇരുപത് ദിവസം കൂടി അനക്കാതെ വെച്ചതിനു ശേഷം ഉപയോഗിക്കാം.

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം എ.സി.സി. ക്ലാസ്സ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : .................................................................................... ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: ............................................ ഫോൺ നമ്പർ :...................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**ഗ്രേയ്സൺ ലോലാക് പി.ബി.**

Std : V, St. George Kudumbakoottayma

*“ഇനി എന്തായാലും വാലുകൊണ്ട് പാട്ടു പാടിയേക്കാം’*

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

# വചന കലണ്ടർ

## 2025 ഡിസംബർ DECEMBER

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | 01<br>എഫേ 3:14–19<br>മത്താ 18:1–5 | 02<br>എഫേ 3:14–19<br>മത്താ 18:1–5 | 03<br>എഫേ 3:14–19<br>മത്താ 18:1–5 | 04<br>ശ്ലീഹ 12:6–11<br>മത്താ 18:10–14 | 05<br>തിമോത്തോസ് 2:6–10<br>ലൂക്കാ 11:5–13 | 06<br>ഗലാ 6:14–17<br>മത്താ 11:25–30 |
| 07<br>നിയ 11:1–9 (11:1–12)<br>ഏശ 40:12–17(40:1–17)<br>2 കോറി 2:12–17 (1:23–2:17)<br>മത്താ 20:1–16 | 08<br>തിമോ 3:1–7<br>ലൂക്കാ 10:38–42 | 09<br>ഹെബ്രാ 4:1–11<br>ലൂക്കാ 11:14–23 | 10<br>1 കോറി 1:24–31<br>ലൂക്കാ 11:24–26 | 11<br>ഹെബ്രാ 10:1–10<br>ലൂക്കാ 9:28–36 | 12<br>1 പത്രോ 3:1–7<br>ലൂക്കാ 20:27–40 | 13<br>ഫിലി 2:12–16<br>യോഹ 4:46–54 |
| 14<br>നിയ 11:26–32 (11:13–12:1)<br>ഏശ 41:1–7(40:18–41:7)<br>ഗലാ 5:16–26(5:1–26)<br>ലൂക്കാ 8:41–56 | 15<br>ഹെബ്രാ 10:19–25<br>മത്താ 18:10–14 | 16<br>ഗലാ 6:11–18<br>ലൂക്കാ 4:38–44 | 17<br>കൊളോ 2:20–3:4<br>യോഹ 14:18–24 | 18<br>1 പത്രോ 4:12–19<br>യോഹ 10:1–15 | 19<br>റോമാ 8:35–39<br>യോഹ 12:20–26 | 20<br>കൊളോ 4:10–15<br>(4:10–15+<br>2കോറി 8:16–24)<br>ലൂക്കാ 10:1–9 |
| 21<br>നിയ 13:12–18<br>ഏശ 41:8–16 (41:8–20)<br>1 കോറി 9:13–18<br>മത്താ 10:1–15 | 22<br>ഹെബ്രാ 2:10–18<br>മത്താ 24:3–14 | 23<br>1 തെസ 4:9–12<br>മത്താ 25:14–30 | 24<br>2 കോറി 13:5–10<br>മത്താ 21:18–22 | 25<br>ഹെബ്രാ 4:12–13<br>ലൂക്കാ 9:46–48 | 26<br>ഹെബ്രാ 10:11–18<br>മത്താ 16:5–12 | 27<br>യൂദാ 5–7<br>യോഹ 9:17–23 |
| 28<br>നിയ 12:29–32<br>(12:29–32, 14:12)<br>ഏശയ്യാ 42:1–9(41:21–42:9)<br>1 തിമോ 5:1–10(5:1–16)<br>മത്താ 22:23–33(22:23–37) | 29<br>2 കോറി 9:11–15<br>ലൂക്കാ 11:46–54 | 30<br>ഹെബ്രാ 4:14–16<br>ലൂക്കാ 13:18–21 | 31<br>ഹെബ്രാ 13:1–6<br>ലൂക്കാ 17:1–10 | 01<br>വെളി 2:1–7<br>മത്താ 6:22–24 | 02<br>വെളി 21:1–4<br>മത്താ 24:15–24 | 03<br>1 യോഹ 3:1–3<br>മത്താ 5:1012 |




Pulimoottil
SILKS

PALACE ROAD, THRISSUR
0487-2335524 +91-90484 34488
THIRUVALLA | KOCHI | KOTTAYAM | THODUPUZHA | KOLLAM | PALA
WWW.PULIMOOTTILONLINE.COM

K



## MIKHAEL ലബോറട്ടറി GOLD PACKAGE

**Rs. 300** പാക്കേജിൽ ഉൾപ്പെട്ടിരിക്കുന്ന ടെസ്റ്റുകൾ

1. FBS
2. PPBS
3. CHOLESTEROL
4. CREATINE
5. CBC
6. URINE ROUTINE
7. HBA1C/TSH
8. ECG

## MIKHAEL ലബോറട്ടറി SIMPLE PACKAGE

**Rs. 500** പാക്കേജിൽ ഉൾപ്പെട്ടിരിക്കുന്ന ടെസ്റ്റുകൾ

1. FBS
2. PPBS
3. LIPID PROFILE
4. RFT
5. LFT
6. CBC
7. URINE ROUTINE

## MIKHAEL ലബോറട്ടറി HEALTH CHECKUP

**Rs. 600** പാക്കേജിൽ ഉൾപ്പെട്ടിരിക്കുന്ന ടെസ്റ്റുകൾ

1. FBS
2. PPBS
3. LIPID PROFILE
4. RFT
5. LFT
6. CBC
7. URINE ROUTINE
8. TSH/HBA1C

## MIKHAEL ലബോറട്ടറി FULL BODY CHECKUP

**Rs. 1000** പാക്കേജിൽ ഉൾപ്പെട്ടിരിക്കുന്ന ടെസ്റ്റുകൾ

1. FBS
2. PPBS
3. RFT
4. LFT
5. LIPID PROFILE
6. SODIUM
7. POTTASIUM
8. URINE ROUTINE
9. CBC
10. TFT/HBA1C

## ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മെഡിക്കൽ ലബോറട്ടറി

എല്ലാവിധ ലബോറട്ടറി
പരിശോധനകളും കുറഞ്ഞ നിരക്കിൽ
ഹെൽത്ത് കാർഡ്,
മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ
എടുക്കാൻ സൗകര്യം
ഹോം കളക്ഷൻ സർവ്വീസ്
മുൻകൂട്ടി ബുക്കിംഗ് പ്രകാരം
വീടുകളിൽ
നിന്നും സാമ്പിൾ ശേഖരിക്കുന്നു.

## MIKHAEL ലബോറട്ടറി GYM SMART PACKAGE

**Rs.1500** പാക്കേജിൽ ഉൾപ്പെട്ടിരിക്കുന്ന ടെസ്റ്റുകൾ

1. CBC
2. RFT
3. LIPID PROFILE
4. SERUM ALBUMIN
5. TFT
6. SODIUM
7. POTTASIUM
8. CALCIUM
9. VITAMIN - D

# MIKHAEL

BIO TECH DIAGNOSTICS CENTER

ലബോറട്ടറി

Liwa Tower Shopping Complex

**KUNNAMKULAM ✆ 8 30 40 80 444**

**ഞായറാഴ്ചകളിൽ തുറന്ന് പ്രവർത്തിക്കുന്നു**

**പ്രവർത്തന സമയം : രാവിലെ 7 മണി മുതൽ ഉച്ചക്ക് 12 മണി വരെ**

MIKHAEL CAPITALIZE PVT LTD. | MIKHAEL FOODS LTD. | THEMIKHAEL CHITS PVT LTD. | MIKHAEL Gold & Diamonds

NEW WORLD OIL INDUSTRIES | MIKE CHITS | G-POWER CHITS | MIKHAEL ഇ-സേവകേന്ദ്രം

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only   Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM